പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 36

# 2016-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചുകൊടുക്കൽ (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 36

# 2016-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചുകൊടുക്കൽ (ഭേദഗതി) ബിൽ

405/2017.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 36

# 2016-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചുകൊടുക്കൽ (ഭേദഗതി) ബിൽ

1960-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചുകൊടുക്കൽ ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1960-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചുകൊടുക്കൽ ആക്റ്റ്, ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയേഴാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2016-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചുകൊടുക്കൽ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 7-ാം വകുപ്പിന്റെ ഭേദഗതി.—1960-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചുകൊടുക്കൽ ആക്റ്റിലെ (1960-ലെ 30) 7-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ,—

(i) (എൻ) ഖണ്ഡത്തിൽ, "റവന്യൂ ബോർഡിൽ" എന്ന വാക്കുകൾക്കുപകരം "ലാന്റ് റവന്യൂ കമ്മീഷണർ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) നിലവിലുള്ള (ഒ), (പി), (ക്യു) എന്നീ ഖണ്ഡങ്ങൾ യഥാക്രമം (പി), (ക്യു), (ആർ) എന്നീ ഖണ്ഡങ്ങളായി പുനരക്ഷരം ചെയ്യേണ്ടതും അങ്ങനെ പുനരക്ഷരം ചെയ്ത (പി) ഖണ്ഡത്തിനുമുമ്പ് താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതുമാണ്, അതായത്:—

"(ഒ) ഗവൺമെന്റിന് സ്വമേധയായോ അല്ലെങ്കിൽ മറ്റുവിധത്തിലോ ലാന്റ് റവന്യൂ കമ്മീഷണർ പാസ്സാക്കിയ ഏതെങ്കിലും ഉത്തരവ്, പുനഃപരിശോധിക്കുവാൻ വ്യവസ്ഥ ചെയ്യുന്നതിനും,".

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1964-ലെ കേരള ഭൂപതിവ് ചട്ടങ്ങളിലെ 21-ാം ചട്ടം (9)-ാം ഉപചട്ടപ്രകാരം സർക്കാരിന് സ്വമേധയായോ മറ്റുവിധത്തിലോ ഏത് സമയത്തും തഹസീൽദാർ, റവന്യൂ ഡിവിഷണൽ ഓഫീസർ, ജില്ലാ കളക്ടർ, ലാന്റ് റവന്യൂ കമ്മീഷണർ എന്നിവർ പാസ്സാക്കിയ ഏതെങ്കിലും തീരുമാനമോ പുറപ്പെടുവിച്ച ഉത്തരവോ പരിഷ്കരിക്കുന്നതിനോ റദ്ദാക്കുന്നതിനോ മാറ്റം വരുത്തുന്നതിനോ അധികാരമുണ്ടായിരിക്കുന്നതാണ്.

(2) റിട്ട് അപ്പീൽ നമ്പർ 610/1993,ഒ. പി. നമ്പർ 11480/1993 എന്നീ കേസുകളിൽ, മേൽപ്പറഞ്ഞ ചട്ടം 1960-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചുകൊടുക്കൽ ആക്റ്റ് പ്രകാരമുള്ള ഗവണ്മെന്റിന്റെ ചട്ടങ്ങളുണ്ടാക്കുന്നതിനുള്ള അധികാരപരിധിക്ക് പുറമെ ആയതിനാൽ ആയത് അസാധുവും നടപ്പിലാക്കാൻ സാധ്യമല്ലാത്തതുമാണ് എന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി കാണുകയും ആയത് റദ്ദ് ചെയ്യുകയുമുണ്ടായി.

(3) അത് സമാന രീതിയിലുള്ള നിരവധി കേസുകളെ പ്രതികൂലമായി ബാധിക്കുമെന്ന് ഗവണ്മെന്റിന് അഭിപ്രായമുള്ളതിനാൽ, 1960-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചുകൊടുക്കൽ ആക്റ്റിന്റെ 7-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (എൻ) ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള ലാന്റ് റവന്യൂ കമ്മീഷണറുടെ റിവിഷനുള്ള അധികാരത്തിനു പുറമെയും അതിനു മുകളിലും സർക്കാരിന് സ്വമേധയാ റിവിഷനുള്ള അധികാരം നൽകുന്ന വിധത്തിൽ, ഒരു വ്യവസ്ഥ ആക്റ്റിൽ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചു.

(4) മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

ഇ. ചന്ദ്രശേഖരൻ.

(ശരിത്തർജ്ജമ)

# 1960-ലെ കേരള സർക്കാർ ഭൂമി പതിച്ചുകൊടുക്കൽ ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ

(1960-ലെ 30)

** ** ** **

7. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—(1) ഗവണ്മെന്റിന് മുൻകാല പ്രാബല്യത്തോടെയോ പിൽക്കാല പ്രാബല്യത്തോടെയോ,—

(എ) പരസ്യലേലത്തിലോ മറ്റു വിധത്തിലോ ഭൂമി പതിച്ചുകൊടുക്കാവുന്ന രീതി നിർണ്ണയിച്ചുകൊണ്ടും;

(ബി) ഭൂമി പതിച്ചുകൊടുക്കപ്പെടാവുന്നവരുടെ യോഗ്യതകൾ നിർണ്ണയിച്ചുകൊണ്ടും ;

(സി) പരസ്യലേലത്തിലോ മറ്റു വിധത്തിലോ ഭൂമി പതിച്ചുകൊടുക്കുന്നതിന്റെ മുൻഗണനാക്രമം നിർണ്ണയിച്ചുകൊണ്ടും;

(ഡി) അപ്രകാരം പതിച്ചുകൊടുക്കുന്നത് ഏത് അധികാരസ്ഥാനമായിരിക്കണമെന്ന് നിർണ്ണയിച്ചുകൊണ്ടും;

(ഇ) ഭൂമി പതിച്ചുകൊടുക്കാവുന്നത് സംബന്ധിച്ച് പാലിക്കേണ്ട നടപടിക്രമം നിർണ്ണയിച്ചുകൊണ്ടും;

(എഫ്) പരസ്യങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനും നോട്ടീസുകൾ നടത്തുന്നതിനും വ്യവസ്ഥ ചെയ്തുകൊണ്ടും;

(ജി) ബോധിപ്പിച്ചിട്ടുള്ള തേർച്ചകൾ സംബന്ധിച്ച അന്വേഷണത്തിൽ അനുസരിക്കേണ്ട നടപടിക്രമം നിർണ്ണയിച്ചുകൊണ്ടും;

(എച്ച്) ഭൂമി പതിച്ചുകൊടുക്കുന്നതിനും വൃക്ഷവില കണക്കാക്കുന്നതിനുമുള്ള നിരക്കുകളും കിട്ടാനുള്ള തുകകൾ ഈടാക്കേണ്ട വിധവും നിർണ്ണയിച്ചുകൊണ്ടും;

(ഐ) പതിച്ചുകൊടുത്ത ഭൂമിയിൻമേലുള്ള സർക്കാർ ഭോഗങ്ങളുടെ സംരക്ഷണത്തിന് വ്യവസ്ഥ ചെയ്തുകൊണ്ടും;

(ജെ) ഏതെങ്കിലും സംഗതിയിലോ ഏതെങ്കിലും തരത്തിൽപ്പെട്ട സംഗതികളിലോ ഏതെല്ലാം നിയന്ത്രണങ്ങൾക്കും, പരിമിതികൾക്കും, നിബന്ധനകൾക്കും വിധേയമായി (ഭൂമി) പതിച്ചുകൊടുക്കാമോ ആ നിയന്ത്രണങ്ങളും പരിമിതികളും നിബന്ധനകളും നിർണ്ണയിച്ചുകൊണ്ടും;

(കെ) ഏതെങ്കിലും ഭൂമി പതിച്ചുകൊടുക്കുന്നതിന് അധികാരമുള്ള ഏതെങ്കിലും അധികാരസ്ഥന്റെ ഉത്തരവുകളിന്മേൽ ബോധിപ്പിക്കാവുന്ന അപ്പീലുകൾക്ക് വ്യവസ്ഥ ചെയ്തുകൊണ്ടും;

(എൽ) അപ്പീൽ ബോധിപ്പിക്കുന്നതിനുള്ള കാലാവധി നിർണ്ണയിച്ചുകൊണ്ടും;

(എം) അപ്പീലധികാരസ്ഥന്റെ അധികാരങ്ങളും അപ്രകാരമുള്ള അധികാരസ്ഥൻ അനുവർത്തിക്കേണ്ട നടപടിക്രമവും ക്രമപ്പെടുത്തിക്കൊണ്ടും;

(എൻ) നിർണ്ണയിക്കപ്പെട്ട അധികാരസ്ഥൻ പാസ്സാക്കിയ ഏതെങ്കിലും ഉത്തരവ് റവന്യൂ ബോർഡിൽ നിന്ന് പുനഃപരിശോധന ചെയ്യുന്നതിന് വ്യവസ്ഥ ചെയ്തുകൊണ്ടും, അപ്രകാരമുള്ള പുനഃപരിശോധനാധികാരം വിനിയോഗിക്കാവുന്ന കാലാവധി നിർണ്ണയിച്ചുകൊണ്ടും;

(ഒ) പതിച്ചുകൊടുക്കുന്നതിനെ തെളിയിക്കുന്ന പട്ടയമോ മറ്റ് ഉടമാവകാശപത്രമോ കൊടുക്കുന്നത് ക്രമപ്പെടുത്തിക്കൊണ്ടും;

(പി) ഫാറങ്ങൾ ആവശ്യമുള്ള സംഗതികളിൽ ഫാറങ്ങൾ നിർണ്ണയിച്ചുകൊണ്ടും;

(ക്യു) സാമാന്യമായി ഈ ആക്റ്റിന്റെ ഉദ്ദേശങ്ങൾ നിറവേറ്റുന്നത് സംബന്ധിച്ചും;

ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കുന്ന എല്ലാ ചട്ടങ്ങളും ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതും, അതോടുകൂടി അവയ്ക്ക് നിയമപ്രാബല്യം സിദ്ധിക്കുന്നതുമാകുന്നു.

(3) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കുന്ന എല്ലാ ചട്ടങ്ങളും അവ ഉണ്ടാക്കിക്കഴിഞ്ഞാൽ കഴിയുന്നതും വേഗം നിയമസഭാസമക്ഷം പതിനാല് ദിവസത്തിൽ കുറയാത്ത കാലത്തേക്ക് വയ്ക്കേണ്ടതും, അവ അപ്രകാരം വയ്ക്കപ്പെടുന്ന സമ്മേളനത്തിലോ, തൊട്ടടുത്തു വരുന്ന സമ്മേളനത്തിലോ നിയമസഭ പാസ്സാക്കാവുന്ന ഭേദഗതികൾക്ക് വിധേയമായിരിക്കുന്നതുമാകുന്നു.

** ** ** **